പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:179 10/12/2012 - ൽ മറുപടിക്ക്

## മത്സ്യകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി: |
| (എ) സംസ്ഥാനത്തെ മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യ-ചെമ്മീൻ വിത്തുകൾ 80 ശതമാനം മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ മത്സ്യ വിത്ത് ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഫിഷ് സീഡ് ഫാം മലമ്പുഴ (150 ലക്ഷം ഉൽപ്പാദനശേഷി), ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറ (30 ലക്ഷം ഉൽപ്പാദനശേഷി), നാഷണൽ ഫിഷ് സീഡ് ഫാം പോളച്ചിറ (70 ലക്ഷം ഉൽപ്പാദന ശേഷി), എഫ്.എഫ്.ഡി.എ. ഹാച്ചറി നെയ്യാർ ഡാം (6 ലക്ഷം ഉൽപ്പാദന ശേഷി), ഗവൺമെന്റ് മോഡൽ ഫിഷ് ഫാം പള്ളം (15 ലക്ഷം ഉൽപ്പാദന ശേഷി), നീണ്ടകര ഹാച്ചറി (105 ലക്ഷം ഉൽപ്പാദനശേഷി), റീജിയണൽ ഷ്രിംപ് ഹാച്ചറി അഴീക്കോട് (110 ലക്ഷം ഉൽപ്പാദനശേഷി) എന്നീ ഹാച്ചറികളിൽ നിന്ന് മത്സ്യ/ചെമ്മീൻ-ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയത്ത് 15 മില്യൺ കാര ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള ചെമ്മീൻ ഹാച്ചറിയിൽ നിന്നും കാര ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സർക്കാർ |

നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ആറ്റുകൊഞ്ച് കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും നടന്നു വരുന്നു. ആറ്റുകൊഞ്ച് ഹാച്ചറി കെട്ടിടം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏകദേശം 10 മില്യൺ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. മത്സ്യ ഫെഡ് കൊല്ലം ജില്ലയിലെ തിരുമുല്ല വാരം, തൃശ്ശൂരിലെ കൈപ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂരിലെ മാപ്പിളബേ എന്നിവിടങ്ങളിൽ നാലു ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. 30 മില്യൺ വീതം ആകെ, 120 മില്യൺ ചെമ്മീൻ വിത്തുൽപ്പാദനം നടത്താൻ ശേഷിയുള്ള ഹാച്ചറികളിൽ കാര ചെമ്മീൻ, നാരൻ ചെമ്മീൻ, ആറ്റുകൊഞ്ച് എന്നിവയുടെ വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. പാലക്കാട് ജില്ലയിലെ മീങ്കര ഹാച്ചറി പ്രവർത്തനയോഗ്യമാക്കുന്നതിനും വയനാട് ജില്ലയിൽ മത്സ്യ വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനും വേണ്ടി പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ ഭൂതത്താൻ കെട്ടിൽ മത്സ്യ വിത്തുല്പാദനകേന്ദ്രം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഇറിഗേഷൻ വകുപ്പിൽ നിന്നും

കൈമാറിക്കിട്ടുന്നതിനു വേണ്ടിയുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളത്ത് ഹാച്ചറി സ്ഥാപിക്കുന്നതിനു വേണ്ടിയും നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനും പുറമെ എല്ലാ ജില്ലയിലും വീണ്ടും മത്സ്യ/ ചെമ്മീൻ വിത്തുൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനു വേണ്ടി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) സർക്കാർ ഉടമസ്ഥതയിലുള്ള എത്ര ഫാമുകൾ ഇപ്പോൾ പാട്ടത്തിന് നൽകിയിട്ടുണ്ട് ; ഇവ ഏറ്റെടുത്ത് പൊതുമേഖലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ? | (ബി) സർക്കാർ ഉടമസ്ഥതയിലുള്ള മൂന്ന് ഫാമുകൾ (മാലിപ്പുറം ഫിഷ്ഫാം, ഞാറയ്ക്കൽ ഫിഷ്ഫാം, പാലായ്ക്കരി ഫിഷ്ഫാം) മത്സ്യഫെഡിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. ടി ഫാമുകളിൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യകൃഷി നടത്തി വരുന്നു. |

Raji Rajendran
സെക്ഷൻ ഓഫീസർ